# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P3/2309/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 06/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3/2309/2022 തീയ്യതി: 06/02/2023

## കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-07-2021 മുതൽ 22-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2022 | 02-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2022 | 02-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ .കെ.പി.ഹരി (ഓഡിറ്റ് ഓഫീസർ )(ഹ.ഗ്രേ)

ശ്രീ .ജയകുമാർ പാലോളി (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീ .അബ്ദുൾ നസീർ.ടി.കെ ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ധന്യ.കെ ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിബിൻ .ഇ.സി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ സി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഇന്ദിര ഏറാടിയിൽ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അഞ്ജലി.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 22-11-2021 |
| ശ്രീ.ശിവപ്രസാദ്.കെ | അസിസ്റ്റന്റ് എൻജിനീയർ | 23-11-2021 | 31-03-2022 |
| അബ്ദുൾ നാസിർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| അബ്ദുറഹിമാൻ.എം.കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| അബ്ദുൽ ജമാൽ.സി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| നിസാദ് | വി.ഇ.ഒ | 01-04-2021 | 01-07-2021 |
| മഞ്ജുള.പി | വി.ഇ.ഒ | 02-07-2021 | 31-03-2022 |
| ജിഷാർ.പി.പി | വി.ഇ.ഒ | 01-04-2021 | 19-04-2021 |
| ഭവിത.കെ | വി.ഇ.ഒ | 20-04-2021 | 31-03-2022 |
| സുബൈദ.പി.ടി | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീവിദ്യ എം.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| റുമൈസ പി.എം | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 22-09-2021 |
| സുനിഷ ഇ.കെ | ഡയറി ഫാം ഇൻസ്പെക്ടർ | 23-09-2021 | 18-12-2021 |
| ജിതിൻ തോമസ് | ഡയറി ഫാം ഇൻസ്പെക്ടർ | 18-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2(1) |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | ക്യാഷ് ബാല**ൻ**സ് പരിശോധന | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | ലൈസൻസ് ഫീസ് അപാകതകൾ | 1-9 |
| 11 | തൊഴിൽ നികുതി അപാകതകൾ | 1-10 |
| 12 | ശിശുദിന സ്റ്റാമ്പ് വിതരണം നടത്തി തുക ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. | 1-11 |
| 13 | സ്ഥാപനത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമല്ല. | 1-12 |
| 14 | ആവശ്യത്തിനേക്കാൾ കൂടുതൽ തുക പിൻവലിക്കുന്നു.- അധിക തുക തിരിച്ചടക്കേണ്ടതാണ്. | 1-13 |
| 15 | എം.ജി.എൻ.ആർ.ഇ.ജി.എസ് - അപകടത്തിൽപ്പെട്ട് മരണമടഞ്ഞ തൊഴിലാളിയ്ക്ക് എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചില്ല | 1-14 |
| 16 | കാർ പാർക്കിംഗ് - പ്ലാനിൽ കാണിച്ച സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു. | 1-15 |
| 17 | ആർ.ഐ.ഡി.എഫ് പടിഞ്ഞാറെക്കണ്ടി കപ്പുറം റോഡ് -കരാറുകാരന് അധികം തുക നൽകി. | 1-16 |
| 18 | കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം -പദ്ധതി ലക്ഷ്യംകണ്ടില്ല. | 1-17 |
| 19 | സമയപരിധിക്ക് ശേഷം ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകി . | 1-18 |
| 20 | വെറ്റിനറി ഡിസ്പെൻസറിക്കുമുകളിൽ എം.സി.എഫ് നിർമ്മിച്ചു. | 1-19 |
| 21 | റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ MSS ഇനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിൽ ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കപ്പെടുന്നില്ല. | 1-20 |
| 22 | ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല. | 1-21 |
| 23 | ജി .എസ്.ടി. ഇളവുകളുള്ള പഞ്ചായത്ത് അവശ്യ സർവ്വീസുകളിന്മേൽ നികുതി നൽകി | 1-22 |

| | | |
|---|---|---|
| 24 | വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത പ്രൊജക്ടുകൾ നടപ്പിലാക്കി . | 1-23 |
| 25 | എം.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലൈ അപാകതകൾ | 1-24 |
| 26 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് . | 1-25 |
| 27 | ആസ്തിരജിസ്റ്ററിലേയും റോഡ് മാസ്റ്ററിലേയും റോഡുകളുടെ എണ്ണത്തിൽ വ്യത്യാസം | 1-26 |
| 28 | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ - അപേക്ഷകരുടെ അർഹത പരിശോധിക്കുന്നില്ല . | 1-27 |
| 29 | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 30 | അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-29 |
| 31 | സ്കൂളുകൾക്കും/ക്ലബ്ബുകൾക്കും സ്പോർട്സ് ഉപകരണങ്ങൾ നൽകൽ - വേണ്ടത്ര പഠനം നടത്താതെ പദ്ധതി നടപ്പാക്കി. | 1-30 |
| 32 | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് . | 2-1 |
| | ഭാഗം **3** | |
| 1 | ആർ.ഐ.ഡി.എഫ് പടിഞ്ഞാറെക്കണ്ടി കപ്പുറം റോഡ് -കരാറുകാരന് അധികം തുക നൽകി. | 3-1 |
| 2 | ആവശ്യത്തിനേക്കാൾ കൂടുതൽ തുക പിൻവലിക്കുന്നു.- അധിക തുക തിരിച്ചടക്കേണ്ടതാണ്. | 3-2 |
| 3 | സമയപരിധിക്ക് ശേഷം ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകി . | 3-3 |
| | ഭാഗം **4** | |
| 1 | സംയ്ക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കുകൾക്ക നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

07.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് വിവരം താഴെ ചേർക്കുന്നു.

| വിവരണം | പുതുക്കിയ ബജറ്റ് |
|---|---|
| വരവ് | 354769969 |
| ആകെ | 354769969 |
| ചെലവ് | 340756675 |
| നീക്കിയിരിപ്പ് | 14013294 |
| ഭരണസമിതി തീരുമാനം തീയ്യതി/നം. | 07.03.22ലെ 1-ാം നമ്പർ തീരുമാനം |

മുൻവർഷങ്ങളിലെ യഥാർത്ഥ വരവു ചെലവുകൾ പരിഗണിച്ചുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളത് യഥാർത്ഥ വരവു ചെലവുകളും ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച വരവു ചെലവുകളും പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. പട്ടിക താഴെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥം | വ്യത്യാസം | |
|---|---|---|---|---|
| വരവ് | 35,47,69,969 | 17,27,07,586 | | 18,20,62,383 |
| ആകെ | 35,47,69,969 | 17,27,07,586 | | 1,82,06,238 |
| ചെലവ് | 34,07,56,675 | 12,05,48,899 | | 22,02,07,776 |
| നീക്കിയിരിപ്പ് | 1,40,13,294 | 5,21,58,687 | 3,81,45,393 | |

2021-22 വർഷത്തെ ബജറ്റ് പുതുക്കിയിട്ടു പോലും യഥാർത്ഥ വരവ് ചെലവുമായി വൻ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ വരവുചെലവുമായി പൊരുത്തപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 22.07.2022 | --- | --- |

## 1-2(1) വാർഷിക കണക്കിലെ അപാകതകൾ

1. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് – B7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 2022606 രൂപ (2021-22 വർഷം ലഭിച്ച Deposit RP 33) 203264 (2021-22 വർഷത്തെ ചെലവ് തുക RP 33 )908691 കിഴിച്ചാൽ ലഭിക്കുന്ന തുകയായ 1317179/- രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 1260810/- രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.
2. 2021-22 വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B4 – ഷെഡ്യൂളിലെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് – ജോയിന്റ് വെഞ്ച്വർ ഇനത്തിൽ (റവന്യൂ, ക്യാപ്പിറ്റൽ) നീക്കിയിരിപ്പ് ഇല്ല. എന്നാൽ വാർഷിക കണക്ക് B17 – ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (Treasury Special TSB

Joint Venture) 91843 രൂപ നീക്കിയിരിപ്പ് വിശദീകരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,60,24,527 |
| വരവ് | 12,66,83,059 |
| ആകെ | 17,27,07,586 |
| ചെലവ് | 12,05,48,899 |
| നീക്കിയിരിപ്പ് | 5,21,58,687 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) | 25492162 | 25492162 | 24135383 | 1356779 |
| വികസന ഫണ്ട്-എസ്.സി.പി | 12929861 | 12929861 | 12552462 | 377399 |
| വികസന ഫണ്ട്-ടി .എസ്.പി | 371013 | 371013 | 370954 | 59 |
| മെയിന്റനൻസ്, റോഡ് | 17314000 | 17314000 | 11948100 | 5365900 |
| മെയിന്റനൻസ്, നോൺ-റോഡ് | 10394645 | 10394645 | 4395810 | 5998835 |

| | | | | |
|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷ ൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 4144175 | 4144175 | 1007806 | 313639 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് ബാങ്ക് മുഖേന | 7706000 | 7706000 | 5003752 | 2702248 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 4144175 | 4144175 | 1007806 | 3136369 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് ബാങ്ക് മുഖേന (പലിശ 92675 ഉൾപ്പടെ) | 5137000 | 5137000 | 4412688 | 724312 |

1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| 244 | 228927571 | 176 | 85487185 | 68 | 37 |

ആകെ 244 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ തൻവർഷം 176 എണ്ണത്തിൽ തുക ചെലവഴിച്ചിട്ടുണ്ട് . മേഖല തിരിച്ചുള്ള ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| മേഖല | പൊതുവിഭാഗം | | എസ്.സി.പി | | ടി.എസ്.പി | | ആകെ |
|---|---|---|---|---|---|---|---|
| | വകയിരുത്തിയത് | നടപ്പിലാക്കിയവ | വകയിരുത്തിയത് | നടപ്പിലാക്കിയവ | വകയിരുത്തിയത് | നടപ്പിലാക്കിയവ | |
| ഉൽപാദനം | 7753265 | 5681442 | 606000 | 506391 | 0 | 0 | |
| സേവനം | 19555068 | 16672584 | 12761535 | 12232609 | 431046 | 401000 | |
| പശ്ചാത്തലം | 1293222 | 764629 | 0 | 0 | 0 | 0 | |
| ആകെ | 28601555 | 23118655 | 13367535 | 12739000 | 431046 | 401000 | |

ആകെ 4,24,00,136/- രൂപ വകയിരുത്തിയതിൽ 3,62,58,655/- രൂപയാണ് ചെലവഴിച്ചത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, കാർഷിക പ്രാധാന്യമുള്ള ഭൂഘടനയാണ് ഗ്രാമപഞ്ചായത്തിന്റെതെന്ന് വ്യക്തമാകുന്നു. ആകെ ഭൂവിസ്തൃതിയിൽ 10% നെൽപ്പാടങ്ങളും കൃഷിക്ക് അനുയോജ്യമായ സമതലപ്രദേശങ്ങളുമാണ്. ആയതിനാൽത്തന്നെ കാർഷിക മേഖലയിലും അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസം, എന്നിവയിലെ വികസനം പ്രാദേശിക സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് സഹായകമാണ്. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള തൻവർഷത്തെ 9 പ്രൊജക്ടുകളിൽ 8എണ്ണവും നടപ്പാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ 12 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 11 ഉം നടപ്പാക്കിയിട്ടുണ്ട്. ക്ഷീരവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള മുഴുവൻ പ്രൊജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം വിഭാവനം ചെയ്ത 127പ്രൊജക്ടുകളിൽ 79 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത് .പശ്ചാത്തല മേഖലക്കായി 1293222 /- രൂപ വകയിരുത്തിയതിൽ 764629/-രൂപ മാത്രമാണ് ചെലവഴിച്ചത് .അതുവഴി 528593രൂപ ചെലവഴിക്കാൻ സാധിച്ചിട്ടില്ല .

വെറ്ററിനറി ഡിസ്പൻസറിയുടെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കുള്ള പ്രൊജക്ടുകളും ആവിഷ്കരിക്കപ്പെടുന്നില്ലെന്ന് മാത്രമല്ല എം.സി.എഫ് കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താത്തതിനാൽ നിലവിൽ വെറ്ററിനറി ഡിസ്പൻസറി കെട്ടിടത്തിനു മുകളിൽ ആണ് മാലിന്യങ്ങൾ സൂക്ഷിച്ചിരിക്കുന്നത് . ഇതിന് അടിയന്തിരമായി ശാശ്വത പരിഹാരം കണ്ടെത്തേണ്ടതാണ്.
പദ്ധതിയുടെ ചെലവ് വിശദാംശം പരിശോധിച്ചതിൽ സുലേഖയിലെ ചെലവ് പത്രികയിലെ ചെലവ് തുകയും യഥാർത്ഥ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു പത്രിയ പ്രകാരമുള്ള ചെലവ് തുക | യഥാർത്ഥ ചെലവ് തുക |
|---|---|---|
| ഡി.സി.സി നടത്തിപ്പും കോവിഡ് 19 അനുബന്ധ ചെലവുകളും നൽകൽ | വികസന ഫണ്ട് 500000<br>തനതു ഫണ്ട്.200000 | വികസന ഫണ്ട് 500000<br>തനതു ഫണ്ട്.200000<br>ആകെ = 899512<br>199512/- രൂപ (RDF) |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 14309600 | 907 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 31311000 | 2049 |
| വാർദ്ധക്യകാല പെൻഷൻ | 55390200 | 4121 |
| വികലാംഗ പെൻഷൻ | 9415000 | 611 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2126400 | 141 |

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2022 ന് 04.00 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57583/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/7/2022 മുതൽ 15.07.2022 വരെ | 1/12/21 മുതൽ 31/3/22 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 25.8.2016 മുതൽ 17.9.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)VI/8A-2499/112 Dt. 26.10.2016 |

1-9 ലൈസൻസ് ഫീസ് അപാകതകൾ

1. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കു ന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരി ച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള

ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

2021-22 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ (31.03.2022) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 5357 |
| വേക്കൻസി റമിഷൻ അനുവക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | 80 |
| 2021-22 ൽ ആകെ അനുവക്കപ്പെട്ട 825 എഫ് ടി ഇ എ & ഒ എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 1110 |
| ബാക്കി കെട്ടിടങ്ങളുടെ എണ്ണം | 4167 |

2021-22 സാമ്പത്തിക വർഷം 825 സ്ഥാപനങ്ങൾക്ക് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്, ലൈസൻസ് നല്കുമ്പോൾ തൊഴിൽ നികുതി, മോട്ടോർ ഫീസ് എന്നിവ പിരിച്ചെടുക്കുന്നുണ്ടെങ്കിലും ലൈസൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 4167 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

2. എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്. ഇത് പ്രകാരമാണ് സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നതെന്നതിനാൽ ട്രേഡേഴ്സ് ലിസ്റ്റിൽ തൻവർഷം 825 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പഞ്ചായത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.

1-10 തൊഴിൽ നികുതി അപാകതകൾ

1. 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച്

1. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ

വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥന്മാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ എല്ലാ സ്ഥാപനങ്ങളും സമർപ്പിക്കേണ്ടതാണ്.

3. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമ യോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതാണ്,

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 178 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയും തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. 891 വ്യക്തികൾ/ സ്ഥാപനങ്ങൾ/ ട്രേഡേഴ്സ് എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 825 പേർ മാത്രമാണ് ലൈസൻസ് എടുത്തതിന് കൂടെ ട്രേഡേഴ്സ് തൊഴിൽനികുതി അടവാക്കിയിട്ടുള്ളത്. എന്നാൽ ലൈസൻസ് നല്കിയ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ ബാക്കി കെട്ടിടങ്ങൾക്ക് ലൈസൻസ് എടുക്കാത്തതിനാൽ തൊഴിൽനികുതിയും അടവാക്കിയിട്ടില്ല. വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും, ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

വാടക വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളുടെ വരുമാനം കണക്കാക്കി തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ, തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെയും, തൊഴിലാളികളെയും, വരുമാനദായകരെയും കണ്ടെത്താനുള്ള നടപടികൾ പഞ്ചായത്തിൽ പാലിക്കാത്തതുകൊണ്ട് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു. ഇത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന് (നം.9/2021-22 തിയതി. 01/12/22) മറുപടി നൽകിയിട്ടില്ല. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ | കരാറുകാരന്റെ പേര് |
|---|---|

| നമ്പർ | |
|---|---|
| 1 | വിനീഷ് ഇ. |
| 2 | ചന്ദ്രൻ ഇ. |
| 3 | ലാലു |
| 4 | ടി.എൽ.സി.സി.എസ്. ലിമിറ്റഡ് |
| 5 | മൊയ്തീൻ കോയ പി.പി. |
| 6 | റിത്തു എം വി |
| 7 | അബ്ദുൾ സലീം. കെ. പി. |
| 8 | ഉണ്ണികുളം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 9 | അബ്ദുൾ റഷീദ് പി. |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടു ണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. കരാറുകാരൻ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-11 ശിശുദിന സ്റ്റാമ്പ് വിതരണം നടത്തി തുക ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കിയിട്ടില്ല.

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ പ്രവർത്തനത്തിനാവശ്യമായ തുക മുഴവനും കണ്ടെത്തുന്നത് സർക്കാരിന്റെ അനുവാദത്തോടെ അച്ചടിച്ച് പുറത്തിറക്കുന്ന ശിശുദിന സ്റ്റാമ്പ് വിതരണം വഴിയാണ്, കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ 01/07/2021 ലെ സി.ഡി.എസ്/2020-21/കേ. സം. ശി. ക്ഷേ. സ. നമ്പർ ഉത്തരവ് പ്രകാരം 15 രൂപയുടെ 500 സ്റ്റാമ്പ് വിതരണത്തിനായി 12/07/2021-ന് ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റാമ്പുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു, സമയബന്ധിതമായി സ്റ്റാമ്പുകൾ വിതരണം നടത്തി തുക ശിശുക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കാത്തതിനാൽ നാളിതുവരെ സമിതിയുടെ പ്രവർത്തനത്തിന് ഉപകരിച്ചിട്ടില്ല. വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന സ്റ്റാമ്പുകൾ വിതരണം നടത്തി തുക ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 സ്ഥാപനത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമല്ല.

25.11.2021 ലെ 22100264 നമ്പർ വൗച്ചർ പ്രകാരം 400000/- (NEFT) രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഇനത്തിൽ ഹരിതകർമ്മ സേനക്കു നൽകിയിട്ടുണ്ട് .ആയതിന്റെ ചെലവു വിശദാംശം പരിശോധിച്ചതിൽ അജൈവ പാഴ് വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ മെറ്റീരിയൽ ഫെസിലിറ്റി സെന്റർ നിലവിലില്ല. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന പ്രവർത്തകർ ശേഖരിച്ച പാഴ് വസ്തുക്കൾ തരം തിരിക്കാതെ ചാക്കുകളിലാക്കി വാർഡ് തലത്തിൽ കൂട്ടിയിടുകയും അവിടെ നിന്ന് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എടുത്തുകൊണ്ട് പോവുകയുമാണ് ചെയ്യുന്നത്. ശേഖരിക്കുന്ന മാലിന്യം 70% പുനരുപയോഗം സാധിക്കാത്തതും 30% പുനരുപയോഗം സാധിക്കുന്നതും എന്ന രീതിയിലാണ് വിലയുടെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ശേഖരിക്കുന്ന പാഴ് വസ്തുക്കളുടെ തൂക്കം കൃത്യമായി പരിശോധിക്കപ്പെടുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2. പഞ്ചായത്തിൽ ശുചിത്വഫണ്ട് 28 ലക്ഷത്തോളം ബാക്കി നിൽക്കെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ

സ്ഥലമുണ്ടായിട്ടും എം.സി.എഫ്. നിർമ്മിച്ച് പ്രവർത്തനം തുടങ്ങിയിട്ടില്ല. അതുകൊണ്ടുതന്നെ വാർഡ് തലത്തിൽ ശേഖരിച്ചുവെച്ച പാഴ് വസ്തുക്കൾ തരം തിരിക്കാതെയാണ് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എടുത്തുകൊണ്ട് പോവുന്നത്. ആയത് വലിയ സാമ്പത്തിക ചോർച്ചയാണ് വരുത്തിവെക്കുന്നത്.

3.വാർഡ് തലത്തിൽ മിനി എം.സി.എഫുകളില്ലാത്തത് കൊണ്ട് വൃത്തിയായ പരിപാലനമില്ലാതെയാണ് അജൈവ മാലിന്യങ്ങൾ വാർഡുകളിൽ കൂട്ടിയിടുന്നത് . ഇത് വലിയ രീതിയിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ജനരോഷവും ഉണ്ടാക്കുന്നു.

4. ഹരിതകർമസേനക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും അവരെ പ്രവർത്തനക്ഷമമാക്കുന്നതിലും പരിശീലനം നൽകുന്നതിനും നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പങ്ക് വഹിക്കലുണ്ടാവുന്നില്ല. ഹരിതകർമ്മസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളോ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടക്കുന്നില്ല.

5. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുന്നതുവഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കായുള്ള ബോധവൽകരണവും ക്യാമ്പയിനും സ്ഥാപനത്തിൽ നടക്കുന്നില്ല.

6. ഗ്രാമപഞ്ചായത്തിൽ നിന്ന് ശുക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോയ മാലിന്യങ്ങൾ സംസ്കരിച്ചത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ( ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ എം.സി.എഫ് നിർമ്മിച്ച് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിലും മാലിന്യം യഥാസമയം തരം തിരിക്കാതെ ചാക്കുകളിലാക്കി വാർഡ് തലത്തിൽ കൂട്ടിയിടുകയും അവിടെ നിന്ന് നീക്കം ചെയ്യുന്ന കരാറിൽ ഏർപ്പെട്ട കമ്പനിയെ കൃത്യമായി നിരീക്ഷിക്കുന്നതിലും മതിയായ ഇടപെടൽ നടത്തുന്നതിലും സ്ഥാപനത്തിന്റെ വീഴ്ച പ്രകടമാണ്. അപാകതകൾ പരിഹരിച്ച് മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-13 ആവശ്യത്തിനേക്കാൾ കൂടുതൽ തുക പിൻവലിക്കുന്നു.- അധിക തുക തിരിച്ചടക്കേണ്ടതാണ്.

ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ വിപുലമായി സംഘടിപ്പിക്കുക, പൊതുജന പങ്കാളിത്തത്തോടെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ വാർഡുകളിൽ നടത്തുക എന്ന ലക്ഷ്യത്തോടെ എസ്.ഒ. 061/22 നമ്പറിൽ ഒരു പദ്ധതിയും ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തുന്ന ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് വാഹന ഗതാഗത സൗകര്യം നൽകുക എന്ന ലക്ഷ്യത്തോടെ എസ്. 0066/22 എന്ന നമ്പറിൽ ഒരു പദ്ധതിയും മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്തിട്ടുണ്ട്. താഴെ കൊടുത്ത ബിൽ പ്രകാരമുള്ള തുകയിൽ വാഹന വാടക ഇനത്തിൽ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ വാഹന ഉടമസ്ഥന് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക | വാഹന വാടക ഇനത്തിൽ അനുവദിച്ച തുക |
|---|---|---|---|
| 1 | 510330040121003061/24.3.22 | 86625 | 32400 |
| 2 | 510330040121001066/15.9.21 | 22050 | 22850 |
| 3 | 510330040121003066/24.3.22 | 10800 | 10800 |

മേൽ തുക ചെലവഴിച്ചതിന്റെ സബ് വൗച്ചർ എന്നത് വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റാണ്. ട്രിപ്പ് ഷീറ്റിന്റെ ആകെ കൂട്ടിയാൽ കിട്ടുന്ന തുകയും, ബിൽ പ്രകാരം ചെലവഴിച്ച തുകയും തമ്മിൽ അന്തരം കാണുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊസീഡിംഗ്സ് നം./തിയ്യതി | വാഹന ഉടമയ്ക്ക് കൊടുത്ത തുക | ട്രിപ്പ് ഷീറ്റ് കൂട്ടിയാൽ കിട്ടുന്ന തുക | അധികം |
|---|---|---|---|---|
| 1 | 433/24.3.22 | 32400 | 27200 | 5200 |
| 2 | 71/15.9.2021 | 22850 | 18600 | 4250 |
| 3 | 432/24.3.22 | 10800 | 10500 | 300 |
| | | | ആകെ | 9750 |

അധികം അനുവദിച്ച 9750 രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 1-14 എം.ജി.എൻ.ആർ.ഇ.ജി.എസ് - അപകടത്തിൽപ്പെട്ട് മരണമടഞ്ഞ തൊഴിലാളിയ്ക്ക് എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചില്ല

ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ മേൽ പദ്ധതി പ്രകാരമുള്ള ഭൂവികസന പ്രവൃത്തി നടക്കവെ തൊഴിലാളിയായിരുന്ന ആയിഷ (A/130) എന്നവർ 23.11.2019 ന് ജോലി ചെയ്തു കൊണ്ടിരിക്കെ തലചുറ്റി വീഴുകയും, തുടർന്ന് ആശുപത്രിയിൽ 24.12.2019 ന് ആശുപത്രിയിൽ വെച്ച് മരണമടയുകയും ചെയ്തു. പദ്ധതിയിൽ പ്രവൃത്തി എടുക്കുന്ന തൊഴിലാളിയ്ക്ക് സംഭവിച്ച മരണത്തിന്റെ ഭാഗമായി, അനന്തരാവകാശിക്ക് എക്സ്ഗ്രേഷ്യയായ 75000 രൂപ വൗച്ചർ നമ്പർ 22100343/18.12.2021 പ്രകാരം അനുവദിച്ചിട്ടുണ്ട്. 05.05.2021 ലെ ഡി.ഡി.2/252/ 2020/തസ്വഭവ സർക്കാർ സർക്കുലർ ഖണ്ഡിക 3,4 എന്നിവയിൽ തൊഴിലാളി അപകടപ്പെട്ടാൽ ലഭിക്കുന്ന ചികിത്സാ ചെലവും വേതനവും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന തൊഴിലാളിയ്ക്ക് പ്രസ്തുത ദിനത്തിൽ മുഴുവൻ വേതനവും അടുത്ത ദിവസം മുതൽ തൊഴിലാളി തൊഴിൽ ആവശ്യപ്പെട്ടിരുന്ന ദിനം വരെ, തൊഴിൽദിന വേതനത്തിന്റെ പകുതി തുക കണക്കാക്കി നൽകേണ്ടതുമാണ്. ഇത് പ്രകാരം മസ്റ്റർ റോളിൽ അപകടം പറ്റിയ ദിവസമായ 23.11.2019 ലെ വേതനവും തൊഴിൽ ആവശ്യപ്പെട്ട് 24.11.2019 അവധിയായതിനാൽ തൊട്ടടുത്ത പ്രവൃത്തി ദിനമായ 25.11.2019 ലെ അർദ്ധ വേതനത്തിനും ആയിഷയ്ക്ക് അർഹതയുണ്ട്.

മേൽ ഉത്തരവിലെ ഖണ്ഡിക 3 ൽ തന്നെ അപകടത്തിൽപ്പെടുന്ന തൊഴിലാളിയുടെ മരുന്നിന്റെ വില സർജറി ചെലവുകൾ, എക്സ്റേ, സ്കാനിംഗ്, മുറിവാടക എന്നിവയും ചികിത്സാവശ്യാർത്ഥം ഉള്ള വാഹന ചെലവും അനുവദിക്കാവുന്നതാണ്. 5260 രൂപയുടെ മരുന്ന് ഉൾപ്പെടെ ചെലവ് ഫയലിലുണ്ട്. എന്നാൽ ഈ തുകയും തൊഴിലാളിയ്ക്ക് അനുവദിച്ചതായി കാണുന്നില്ല. 23.11.2019 മുതൽ 24.12.2019 വരെ ഈ

തൊഴിലാളിയ്ക്ക് മരുന്നിന്റെ വില, എക്സ്റെ, സ്കാനിംഗ്, വാഹന ചെലവ് ഉൾപ്പെടെ എത്രയെന്ന് കണക്കാക്കി ആയത് അനുവദിക്കേണ്ടതാണ്.

1-15 കാർ പാർക്കിംഗ് - പ്ലാനിൽ കാണിച്ച സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.

താഴെ കൊടുത്ത പെർമിറ്റ് ഫയൽ പരിശോധിച്ചതിലും 01.12.2022 ൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയതിലും, പെർമിറ്റ് കാണിച്ച് കാർ പാർക്കിംഗ് സ്ഥലങ്ങൾ, കച്ചവടം സ്ഥാപനങ്ങൾ കെട്ടിയെടുത്ത് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു.

| ഫയൽ നമ്പർ/ പേര് | പെർമിറ്റ് പ്രകാരം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1. എ2.9349/20 ഗോപി.പി.കെ. ഗ്രാനൈറ്റ് ഷോപ്പ് | 500.94 ച.മീ നിർമ്മാണ ത്തിന് 90 ച.മീ ഒന്ന് എന്ന നിരക്കിൽ 6 കാർ പാർക്കിംഗ് | പെർമിറ്റിൽ ചൂണ്ടിക്കാട്ടിയ സ്ഥലത്ത് ഗ്രാനൈറ്റ് അട്ടിവെച്ച് കച്ച വടം ചെയ്യുന്നു. ലോഡിംഗ് അൺ ലോഡിംഗ് സ്ലോട്ട് കാണിച്ചിട്ടില്ല. |
| 2. എ24323/18 അഷ്റഫ്.എൻ.കെ | 757.45 ച.മീ നിർമ്മാണം 9 കാർ പാർക്കിംഗ് | പെർമിറ്റിൽ കാണിച്ച പാർക്കിംഗ് സ്ഥലം കെട്ടിയെടുത്ത ഹോട്ടൽ കച്ചവട ത്തിന് വിനിയോ ഗിക്കുന്നു. മുൻവശത്തെ 2 കാർ പാർക്കിംഗ് മാത്രം. |
| 3. എ2/3671/21 2131/2021 സമീർ | 168.46 ച.മീ ഉള്ള കെട്ടിട നിർമ്മാണം ക്രമവത്കരിച്ചു. ഇതിന്റെ പുറക് വശത്ത് ഫുഡ് പ്രോസസിംഗ് | 1) 120 ച.മീ അധിക മുള്ള നിർമ്മാണം ക്രമവത്കരിക്കേ ണ്ടതാണ്. |

| | | |
|---|---|---|
| | യൂണിറ്റിന് 203 ച.മീ ഉള്ളത് 120 ച.മീ മാത്രമാണ് പെർമി റ്റിൽ ഉള്ളത്. കാർ പാർക്കിംഗ് 2 എണ്ണം | 2) 2 കാർ പാർക്കിംഗ് സ്ഥലം കെട്ടിയെടു ത്ത് അവിടെ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. |

കാർ പാർക്കിംഗ് മതിയായ രീതിയിൽ ഇല്ലാത്തതിനാൽ കുറവ് വന്ന പാർക്കിംഗ് നിയമാനുസൃതമായ പിഴ ഗ്രാമപഞ്ചായത്തിന് ഒടുക്കി ഇത് ക്രമവത്കരിക്കേണ്ടതാണ്.

## 1-16 ആർ.ഐ.ഡി.എഫ് പടിഞ്ഞാറെക്കണ്ടി കപ്പുറം റോഡ് -കരാറുകാരന് അധികം തുക നൽകി.

പ്രോജക്ട് നം-163/21-22

അടങ്കൽ-6927570 (തനത് ഫണ്ട്-927570,നബാഡ് വിഹിതം-6000000)

ചെലവ് -2453402 (ബിൽ നം- 63/7-09-21 )

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം സ്പിൽ ഓവർ പദ്ധതിയായി തുക ചെലവഴിച്ച ആർ.ഐ.ഡി.എഫ് പടിഞ്ഞാറെക്കണ്ടി കപ്പുറം റോഡ് പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ പ്രവൃത്തിക്കായി ആകെ 5926752 രൂപ പ്രവൃത്തിമൂല്ല്യം രേഖപ്പെടുത്തിയതിൽ 2860430 രൂപ മുൻ വർഷം പാർട്ട് ബിൽ നൽകിയത് കുറച്ച് അവശേഷിക്കുന്ന തുകയായ 3066322 രൂപയിൽ 2453402 രൂപ ഓഡിറ്റ് വർഷം നബാർഡ് ഫണ്ടിൽ നിന്നും കരാറുകാരനായ സജി.കെ.കെ യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നമ്പർ 14 ആയി കൺസ്ട്രക്ഷൻ ഓഫ് സബ്ഗ്രേഡ് ആന്റ് എർത്തൻഷോൾഡേഴ്സ് ഇനത്തിലായി 1222.056 ക്യൂബിക്ക് മീറ്റർ പ്രവൃത്തി ആണ് ഉണ്ടായിരുന്നത്. ഫൈനൽ ബില്ലായി ഈ ഇനത്തിൽ 1065.77എം.ക്യൂബ് പ്രവൃത്തി നിർവ്വഹിച്ചതിന് 374.97 രൂപ നിരക്കിൽ ആകെ 399631.77 രൂപയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ D2/AEE/NABARD/19 റിപ്പോർട്ട് പ്രകാരം എർത്ത് ഫില്ലിംഗ് ഫൈനൽ ലെവൽ ആയി അപ്രൂവ് ചെയ്തിരിക്കുന്നത് 904.98 എം.ക്യൂബാണ് . കൂടാതെ ഫൈനൽ ബില്ലിൽ ഐറ്റം നം -2 പ്രകാരം എക്സ്കവേഷൻ ഇൻ കട്ടിംഗ് ഇൻ സോയിൽ ആയി 158.28 എം ക്യൂബ് മണ്ണും , ഐറ്റം നം-3 ആയി എർത്ത് വർക്ക് എക്സ്കവേഷൻ ആയി 32.28 എംക്യൂബ് മണ്ണും ഉണ്ട്. പ്രവൃത്തിയുടെ 01/16-17 നമ്പർ എം.ബുക്ക് ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ മേൽ പ്രകാരമുള്ള മണ്ണിന്റെ ഉപയോഗക്ഷമത ഓഡിറ്റിന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തിക്കായി ഫൈനൽ ലെവൽ ആയി എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ 904.98 എം ക്യൂബിൽ നിന്നും 190.56 എം ക്യൂബ് (158.28+32.28) കുറവ് ചെയ്ത 714.42 എം ക്യൂബിന്റെ വിലയായ 267886 രൂപയേ കരാറുകാരന് അനുവദിക്കേണ്ടതുള്ളൂ. കരാറുകാരന് ഈ ഇനത്തിൽ ആകെ 131745.77 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആയത് ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-17 കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം -പദ്ധതി ലക്ഷ്യംകണ്ടില്ല.

പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ പ്രവൃത്തികൾ പൂർത്തീകരിക്കരിക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം രണ്ട് സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 174 | കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം | 418000 | 417136<br>(ബിൽ നം-149/16-11-21) |
| 206 | കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം | 280000 | 279739<br>(ബിൽ നം-206/29-12-21) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത മേൽ പദ്ധതികൾ ശ്രീ.അബ്ദുൾ അസീസ് എന്ന കരാറുകാരനാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ പ്രോജക്ട് 174 ൽ 18-12-20നം പ്രോജക്ട് 206 ൽ 25-03-21 നം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തി ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട് . പ്രോജക്ട് 174പദ്ധതിയിൽ ഐറ്റം നമ്പർ -9 ആയി ഫാൾസീലിംഗ് നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 224519.98 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 1.12.2022 ന് ഓഡിറ്റിന്റെ ഭഗമായി നടത്തിയ സ്ഥലപരിശോധനയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹാൾ സന്ദർശിച്ചതിൽ ഹാളിലെ ഫാൾ സീലിംഗ് പലയിടത്തും അടർന്ന് വീണ് കിടക്കുന്ന തായാണ് കാണാൻ കഴിഞ്ഞത്. കൂടാതെ കമ്മ്യൂണിറ്റിഹാളിൽ നാളിതുവരെയായും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനോ,ബാത്ത്റൂം ,കൈകഴുകൽ,പാചകം എന്നിവക്കാവശ്യമായ ജലംലഭ്യമാക്കുന്നതിനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല .2018 – 19 വർഷം മുതൽ 2020 – 21 വരെ 4868000രൂപ കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണത്തിനായി വിനിയോഗിച്ചിട്ടും ഹാൾ പൊതുപരിപാടികൾക്കായി ഉപയോഗപ്പെടാത്തത് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായു കമ്മ്യൂണിറ്റിഹാൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. നിർമ്മാണം നടത്തി ഒരു വർഷത്തിനകം തന്നെ അടർന്ന വീണ ഫാൾ സീലിംഗ് ബന്ധപ്പെട്ട കരാറുകാരനെകൊണ്ട് പുനർനിർമ്മിക്കാത്തതിന് വിശദീകരണം നൽകേണ്ടതും കമ്മ്യൂണിറ്റിഹാൾ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഫാൾ സീലിംഗ് നിർവ്വഹണ പ്രവൃത്തികൾക്കായി ചെലവഴിച്ച 224519.98 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 സമയപരിധിക്ക് ശേഷം ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകി .

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഭാഗമായി 7 സ്ഥാനാർത്ഥികൾക്ക് അവർ സമർപ്പിച്ച നിക്ഷേപം വിവിധ തിയ്യതികളിലായി വൗച്ചർ പ്രകാരം പിൻവലിച്ച് 7 സ്ഥാനാർത്ഥികൾക്ക് തിരികെ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ മേൽ കാണിച്ച 7 പേർക്കും മാർച്ച് മാസത്തിനുശേഷമാണ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | വൗച്ചർ നമ്പർ | കൈപ്പറ്റിയ ആളുടെ പേര് | തുക |
|---|---|---|---|
| 23.04.21 | 22100078 | ഷാഹിന | 1000 |
| 03.06.21 | 22100200 | വിവേകാനന്ദൻ ചാലിൽ പുറായിൽ | 1000 |
| 03.06.21 | 22100201 | ഭവിൻ.കെ.കെ | 1000 |

| | | | |
|---|---|---|---|
| 29.12.21 | 22100349 | സത്യൻ | 500 |
| 31.12.21 | 22100361 | ശശിധരൻ | 500 |
| 20.01.22 | 22100472 | റീത്ത ശ്രീരാഗം | 1000 |
| 20.1.22 | 22100471 | രാമചന്ദ്രൻ | 1000 |
| ആകെ | | | 6000 |

അതിനാൽ മേൽ പ്രകാരമുള്ള ഇലക്ഷൻ ഡെപ്പോസിറ്റ് തുക 6000 രൂപ സമയപരിധി കഴിഞ്ഞ് തിരികെ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . സമയപരിധി കഴിഞ്ഞ് തിരികെ നൽകിയ ഇലക്ഷൻ ഡെപ്പോസിറ്റ് തുക 6000 രൂപ പഞ്ചായത്തിൽ തിരികെ അടവാക്കേണ്ടതാണ്.

## 1-19 വെറ്ററിനറി ഡിസ്പെൻസറിക്കുമുകളിൽ എം.സി.എഫ് നിർമ്മിച്ചു.

പ്രോജക്ട് നം-207

അടങ്കൽ -183000

ചെലവ്- 134710 (ബിൽ നം- 365/25-2-22)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്തിലെ നിലവിലുള്ള വെറ്ററിനറി ഡിസ്പെൻസറി കെട്ടിടത്തിന്റെ ഫസ്റ്റ്ഫ്ലോറിൽ എം.സി.എഫ് ഫെസിലിറ്റി ഒരുക്കുന്നതിനായി കെട്ടിടം റിനോവേറ്റ് ചെയ്യുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് . നിലവിൽ ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് ഇട്ട കെട്ടിടത്തിന് ആവശ്യമായ സ്റ്റീൽ കോളം നൽകി പൗഡർകോട്ടഡ് ജി.ഐ ഷീറ്റ് വെച്ച് കവർ ചെയ്ത് അതിന് മുകളിൽ ചെയിൻലിങ്ക് ഫാബ്രിക്ക് ഫെൻസിംഗ് വെച്ച് കവർ ചെയ്താണ് എംസിഎഫ് നിർമ്മാണം നടത്തിയിട്ടുള്ളത്. 1-12-2022 സ്ഥല പരിശോധനയുടെ ഭാഗമായി എം.സി.എഫ് സന്ദർശിച്ചതിൽ 1991ൽ നിർമ്മിച്ച പഞ്ചായത്ത് സാസ്കാരിക നിലയമാണ് നിലവിൽ വെറ്ററിനറി ഡിസ്പെൻസറിയായി പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന് മുകളിലാണ് എം.സി.എഫ് നിർമ്മിച്ചിരിക്കുന്നത് ഹരിത കർമ്മസേന വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ചാക്കുകളിലാക്കി എം.സി.എഫിൽ ശേഖരിച്ച് സൂക്ഷിച്ചതിന് പുറമെ ഡിസ്പെൻസറി പരിസരത്ത് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായും കാണാനായി കഴിഞ്ഞു. വെറ്ററിനറി ഡിസ്പെൻസറി കോമ്പൗണ്ടിൽ തന്നെ തൊട്ടടുത്തായി ഉണ്ണികുളം വില്ലേജ് ഓഫീസ് കെട്ടിടം, കൃഷിഭവൻ കെട്ടിടം എന്നിവയും പ്രവർത്തിച്ച് വരുന്നുണ്ട്. മൃഗങ്ങളെ എത്തിച്ച് ചികിത്സിക്കുന്നതിനാവശ്യമായ പരിമിതമായ സ്ഥലസൗകര്യം മാത്രമാണ് ഡിസ്പെൻസറിക്ക് ഉള്ളൂ എന്നിരിക്കെയാണ് ഡിസ്പെൻസറിക്ക് മുകളിലായി എം.സിഎഫ് നിർമ്മാണം നടത്തിയിരിക്കുന്നത് ഇക്കാരണത്താൽ തന്നെ എം.സി.എഫ് നിർമ്മാണം കൊണ്ട് ഉദ്ദേശിച്ച പൂർണ്ണമായ പ്രയോജനം ലഭിക്കാതെ പോവുകയും , ഇത് നിലവിലുള്ള വെറ്ററിനറി ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതിനും ഇടയാക്കുന്നു. എംസിഎഫ് നിർമ്മിക്കുന്നതിനായി സൗകര്യപ്രദമായ ഇടം കണ്ടെത്തുന്നതിനുപകരം ഇത്തരമൊരിടത്ത് നിർമ്മാണം നടത്തിയത് വഴി പദ്ധതിക്കായി ചെലവഴിച്ച തുക പൂർണ്ണമായും പ്രയോജനപ്പെടാതെ പോയതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ MSS ഇനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിൽ ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കപ്പെടുന്നില്ല.

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട ഭൂരിഭാഗം റോഡ് ടാറിംഗ് പ്രവൃത്തികൾക്കും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ

റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീൽ കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനം കൂടി ഒരു ചതുരശ്ര മീറ്റർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് ചതുരശ്ര മീറ്ററിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS) എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്ന തരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ് (Tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് – 6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരമാവധി + 10mm ഉം – 10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്മത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ് (Tolerance) ആയ + 10mm ഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്ത് റോഡുകളിൽ അവലംബിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരെ കണ്ടെത്തിയത് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചാണ്.

| പ്രോ | പദ്ധതിയുടെ | അട | പങ്കെ |
|---|---|---|---|

| ജക്റ്റ് നം | പേര് | ങൽ തുക | ടുത്ത കരാറു കാ രുടെ എ ണ്ണം |
|---|---|---|---|
| 63 | മഞ്ഞംബ്രമലയിൽ കൈപ്പുറംറോഡ് ടാറിംഗ് | 529109 | 4 |
| 79 | മടത്തുംപൊയിൽ സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം | 88762 | 2 |
| 237 | മങ്ങാട് പി.എച്ച് സി മെയിന്റനെൻസ് | 445830 | 2 |
| 30 | ആലങ്ങാപൊയിൽ മാവുള്ളകണ്ടി കുന്നമ്മൽ റോഡ് റീടാറിംഗ് | 177252 | 2 |
| 44 | കണ്ടിയൊത്ത് ആനപ്പാററോഡ്ടാറിംഗ് | 529924 | 3 |
| 59 | കരുമല കൊമ്പിൽ ചൂരക്കണ്ടിറോഡ് ടാറിംഗ് | 534179 | 2 |
| 22 | പൂനൂർപുഴക്കൽ ബീരാൻ സാഹിബ് റോഡ് ടാറിംഗ് | 266999 | 2 |
| 16 | പാറമ്മൽ പീടിക വെളുപ്പാൻപൊയിൽ പ്ലാവുള്ളതിൽ റോഡ് റീടാറിംഗ് | 256010 | 2 |
| 93 | കുട്ടാക്കിൽ കുണ്ടുള്ള കാണ്ഡത്തിൽ റോഡ് ടാറിംഗ് | 264839 | 2 |
| 18 | രാജഗിരി പാറേമ്മൽപീടിക ഉമ്മിണിക്കുന്ന റോഡ് | 265266 | 2 |
| 60 | മുള്ളുകണ്ടി ചളിക്കോട് റോഡ് റീടാറിംഗ് | 354986 | 2 |
| 75 | നെരോത്ത് അങ്കണവാടി പൂർത്തീകരണം | 892346 | 2 |
| 92 | പറമ്പാക്കിൽ ഇയ്യാച്ചേരി റോഡ് ടാറിംഗ് | 263865 | 2 |
| 91 | വള്ളിയോത്ത് തോരക്കാട്ടിൽ റോഡ് റീടാറിംഗ് | 167295 | 1 |
| 62 | നെരോത്ത് പൂപൊയിൽ റോഡ് റീടാറിംഗ് | 177456 | 1 |
| 42 | പെയിൽ പുറായിൽ ചെത്തിൽപൊയിൽറോഡ് | 267561 | 1 |
| 235 | കോട്ടക്കുന്ന് കുടിവെള്ളപദ്ധതി | 111192 | 1 |
| 207 | എംസിഎഫ് നിർമ്മാണം | 162771 | 1 |
| 33 | ചോയിമഠം പാലം അപ്രോച്ച്റോഡ് റീടാറിംഗ് | 129400 | 1 |
| 223 | കാരാട്ട്കണ്ടി കപ്പുറം ഇടക്കണ്ടിറോഡ് | 266993 | 2 |
| 81 | സ്കൂളുകളുടെ അറ്റകുറ്റപണി ചുറ്റുമതിൽ മുറ്റംകട്ടപാകൽ | 446283 | 5 |
| 73 | ഘടകസ്ഥാപനങ്ങളുടെ നവീകരണം -കോമ്പൗണ്ട് വാൾ ഇന്റർലോക്ക് പെയിന്റിംഗ് | 346817.89 | 4 |
| 139 | പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം | 3088318.1 | 2 |
| 84 | കോൺഫറൻസ് ഹാൾ മെമ്പർമാരുടെ റൂംനവീകരണം | 445754 | 3 |
| 263 | അംഗൻവാടി പൂർത്തീകരണം | 445832 | 2 |
| 275 | ഇയ്യാട് സബ്സെന്റർ നവീകരണം | 1070723 | 2 |
| 222 | അങ്കണവാടികളുടെ നവീകരണം | 1242907 | 1 |

കരാറുകാർ അടവാക്കുന്ന ഇ-ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ പ്പെടുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം മേൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീആയി കരാറുകാർ ഓൺലൈൻ ആയി അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയ തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. ആയത് അസിസ്റ്റന്റ് എഞ്ചിനീയരുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 ജി .എസ്.ടി. ഇളവുകളുള്ള പഞ്ചായത്ത് അവശ്യ സർവ്വീസുകളിന്മേൽ നികുതി നൽകി

ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ നിന്ന് ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രവർത്തന പങ്കാളിയായി ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എൽ.എൽ.പി. എന്ന സ്ഥാപനവുമായി 2021-22, 2022-23 കാലയളവിലേക്ക് പഞ്ചായത്ത് കരാർ വെച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. നടപ്പിലാക്കിയ ശുചിത്വ മാലിന്യ സംസ്കരണ പരിപാടി എന്ന പ്രോജക്ടിൽ (138/21-22) 3 ബില്ലുകളിലായി 1491207 രൂപ ജി.എസ്.ടി.യടക്കം ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷനു നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകയിൽ 21848 രൂപ ജി.എസ്.ടി. യായാ ണ് നൽകിയിരിക്കുന്നത്. മാലിന്യ ശേഖരണവും സംസ്കരണവും പഞ്ചായത്തിന്റെ അവശ്യ സർവ്വീസെന്ന നിലയിൽ ജി.എസ്.ടി ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (Notification 12/2017-central Tax (Rate) Dated 28/06/2017 SR No. 3) ആയത് പരിഗണിക്കാതെയാണ് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷനു ടാക്സിനത്തിൽ തുക നൽകിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ബിൽ നം/ തിയ്യതി | തുക | ജി .എസ്.ടി.യിനത്തിൽ നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 345/22-02-22 | 959263 | 16258 |
| 2 | 436/24-03-22 | 329819 | 5590 |
| 3 | 438/24-3-22 | 202125 | Nil |

തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നതാണ്.

1-23 വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത പ്രൊജക്ടുകൾ നടപ്പിലാക്കി .

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 21-22 വർഷത്തിൽ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് കാർഷിക മേഖല, മൃഗസംരക്ഷണമേഖല എന്നിവയിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ /131 ഇടവിള നടീൽ വസ്തുക്കൾ വിതരണം (പട്ടികജാതി വനിത ) | എസ്.സി.പി. 50000/- | എസ്.സി.പി 50000/- |
| 2 | പ്രോജക്ട് നമ്പർ /80 പച്ചക്കറി തൈവിതരണം - (വനിത) | വികസന ഫണ്ട് -100000/- | വികസനഫണ്ട്-100000/- |
| 3 | പ്രോജക്ട് നമ്പർ /126 കുറ്റിക്കുരുമുളക് തൈ വിതരണം (വനിത) | വികസന ഫണ്ട് -300000/- | വികസനഫണ്ട് -30000/- |
